പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1104** | **2.03.2017-ൽ മറുപടിയ്ക്ക്**

## എല്ലാ മേഖലകളിലുമുള്ള റോഡുകളും പി.ഡബ്ള്യൂ.ഡി.ഏറ്റെടുക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.സി.ജോർജ്** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) കേരളത്തിലാകമാനമുള്ള ചെറുതും, വലുതുമായ എല്ലാ മേഖലകളിലുമുള്ള റോഡുകളും പി.ഡബ്ള്യൂ.ഡി ഏറ്റെടുക്കാൻ നടപടി സ്വീകരിക്കുമോ;<br><br>(ബി) കേരളത്തിലെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള നാട്ടിൻപുറങ്ങളിലെ ചെറിയ റോഡുകളുടെ അവസ്ഥ വളരെ മോശമായതിനാൽ കേരളത്തിലെ എല്ലാ റോഡുകളും പി.ഡബ്ള്യൂ.ഡി ഏറ്റെടുത്ത് നവീകരണം നടത്തി നല്ല നിലയിൽ ഗതാഗതയോഗ്യ മാക്കുന്നതിനാവശ്യമായ നിയമ നിർമ്മാണം നടത്താൻ മുൻകൈ എടുക്കുമോ? | (എ) & (ബി) കേരളത്തിലാകമാനമുള്ള ചെറുതും, വലുതുമായ എല്ലാ മേഖലകളിലുമുള്ള റോഡുകളും പി.ഡബ്ള്യൂ.ഡി ഏറ്റെടുത്ത് നവീകരണം നടത്തുന്നത് നിലവിലുള്ള സാമ്പത്തിക സ്ഥിതി അനുസരിച്ച് പ്രായോഗികമല്ല. ഫണ്ട് ലഭ്യതയ്ക്ക് വിധേയ മായി ഏതാനും ഗ്രാമീണറോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. പഞ്ചായത്തുകൾ പ്രമേയം പാസ്സാക്കി എം.എൽ.എ-മാർ മുഖേന നൽകുന്ന റോഡുകൾ ഏറ്റെടുക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ